നിർമ്മാണം പൂർത്തിയാക്കാത്ത കെട്ടിടം

1811 [2737] ശ്രീ. പി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്മ്യൂണിറ്റി ഡവലപ്പ്മെൻറ് പ്രോജക്ടിൽ ഉൾപ്പെടുത്തി ചിറയിൻകീഴ് ബ്ലോക്കിൽ പെരുമാതുറ എന്ന സ്ഥലത്ത് 1969-ൽ നാട്ടുകാർ നൽകിയ 10 സെൻറ് സ്ഥലത്ത് പൂർത്തിയാകാതെ കിടക്കുന്ന പ്രൈമറി ഹെൽത്ത് സെൻറർ കെട്ടിടത്തിൻറെ നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) അല്ലാത്തപക്ഷം പെരുമാതുറയിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിയുടെ പ്രവർത്തനത്തിനുവേണ്ടി ഈ സ്ഥലവും കെട്ടിടവും ഹോമിയോപ്പതി വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഫണ്ടിൻറെ അപര്യാപ്തത മൂലമാണ് ബാക്കി പണി നിർവ്വഹിക്കാൻ സാധിക്കാതെ ഇരിക്കുന്നത്. ഫണ്ട് ലഭ്യമാക്കാൻ ശ്രമിക്കാം.

(ബി) പെരുമാതുറ ഗവൺമെൻറ് ഡിസ്പെൻസറി മേൽപ്പറഞ്ഞ കെട്ടിടത്തിൽത്തന്നെ ഇപ്പോഴും പ്രവർത്തിക്കുന്നതുകൊണ്ട് മറ്റൊരു ഡിപ്പാർട്ടുമെൻറിനും വിട്ടുകൊടുക്കാൻ സാദ്ധ്യമല്ല.

ബിൽ കളക്ടർമാരുടെ തസ്തികകൾ

1812 [2738] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്തുവകുപ്പിൽ ബിൽ കളക്ടർമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്;

(ബി) നിലവിലുള്ള പി. എസ്. സി. റാങ്ക്ലിസ്റ്റിൽനിന്നും ഇതിനകം എത്ര പേരെ നിയമിച്ചു;

(സി) നിലവിലുള്ള ഒഴിവുകളിലേക്ക് ഉടനടി നിയമനം നടത്തുമോ?

ഉത്തരം

(എ) 24.

(ബി) 68.

(സി) നിയമനം നടത്തുവാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

പെരുംപഴുതൂർ പഞ്ചായത്തിലെ പുറമ്പോക്കു ഭൂമി

1813 [2739] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly